പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 2383

07-10-2016 ൽ മറുപടി നൽകേണ്ടിയിരുന്നത്

## സ്വർണ പണയത്തിന്മേലുള്ള കാർഷിക വായ്പ

ചോദ്യം

ഡോ. എൻ. ജയരാജ്

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) ബാങ്കുകൾ സ്വർണ പണയത്തിന്മേൽ കുറഞ്ഞ പലിശയിൽ കാർഷിക വായ്പ നൽകുന്നതിന് സബ്സിഡി ഇനത്തിൽ സർക്കാർ ഖജനാവിൽ നിന്ന് പണം ചെലവാകുന്നുണ്ടോ; | (എ) | ഉണ്ട് |
| ബി) ഇത്തരം വായ്പകൾ അനർഹർ കൈക്കലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;<br>സി) കർഷകർക്ക് പ്രയോജനപ്പെടുന്ന പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്നതുമൂലം സർക്കാർ ചെലവഴിക്കുന്ന സബ്സിഡി തുക പാഴാകുന്നത് തടയാൻ നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും | പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ നടപടി സ്വീകരിക്കേണ്ടത് റിസർവ്വ് ബാങ്കാണ്. |
| ഡി) യഥാർത്ഥ കർഷകരിൽ തന്നെ ഇത്തരം വായ്പകൾ എത്തുന്നു എന്നുറപ്പാക്കുന്നതിന് എന്തെങ്കിലും നിരീക്ഷണ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ഉണ്ട്. നിലവിലുള്ള നിയമപ്രകാരം ഓരോ ബാങ്കുകളും യഥാർത്ഥ ഉപഭോക്താവാണെന്ന ഉറപ്പ് വരുത്തിയ ശേഷം മാത്രമേ വായ്പ നൽകാറുള്ളൂ. സഹകരണ ബാങ്ക് മുഖേനയുള്ള കാർഷിക വായ്പ യഥാർത്ഥ ആവശ്യത്തിനു തന്നെയാണ് വിനിയോഗി ക്കുന്നതെന്ന് കാർഷിക വായ്പ വിതരണം ചെയ്യുന്ന സഹകരണ സംഘം/ബാങ്ക് ഭരണസമിതി തന്നെ നിരീക്ഷിച്ച് ഉറപ്പ് വരുത്തുന്നതിന് അതാതു തലത്തിൽ നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) കൃഷി സംബന്ധമായ രേഖകൾ ഹാജരാക്കുന്നവർക്ക് മാത്രമായി ഇത്തരം വായ്പകൾ നിജപ്പെടുത്തി കർഷകർക്ക് ആശ്വാസമേകുവാൻ നടപടി സ്വീകരി ക്കുമോ? | (ഇ) | കൃഷി സംബന്ധമായ രേഖകൾ ഹാജരാക്കുന്നവർക്കാണ് വായ്പ നൽകി വരുന്നത്. എന്നാൽ ഇതു സംബന്ധിച്ച് യഥാർത്ഥ കർഷകർക്കല്ല ഇതിന്റെ ആനുകൂല്യം ലഭിക്കുന്നതെന്ന പരാതി വ്യാപകമാണ്. ഇതു സംബന്ധിച്ച് നിയമസഭാസമിതി നടത്തിയ (അഷ്വറൻസ് കമ്മറ്റി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ